തിരൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

247 (224) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യബന്ധന/തുറമുഖ വകുപ്പ് തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെ ; ഓരോ പദ്ധതിയ്ക്കും ഇതേവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധന/തുറമുഖ വകുപ്പ് തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

അമ്പലപ്പുഴ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

248 (225) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളത്; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തീരദേശ വികസന കോർപ്പറേഷൻ മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്കാണ് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളത്;

(സി) അമ്പലപ്പുഴയ്ക്ക് തീരദേശ വികസന കോർപ്പറേഷന്റെ 5.5 കോടിയുടെ പദ്ധതികൾ എന്ന വിധത്തിലുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തീരദേശ വികസന കോർപ്പറേഷൻ മണ്ഡലത്തിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ മണ്ഡലത്തിലെ എം.എൽ.എ.യെ ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ തീരദേശ വികസന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

സമഗ്ര തീരദേശ വികസന പദ്ധതി, ആലപ്പുഴ

പദ്ധതി	അടങ്കൽ തുക (ലക്ഷം രൂപ)
കുടിവെള്ള പദ്ധതി, തോട്ടപ്പള്ളി	20.38
കുടിവെള്ള പദ്ധതി, അമ്പലപ്പുഴ സൗത്ത്	3.25
കുടിവെള്ള പദ്ധതി, അമ്പലപ്പുഴ നോർത്ത്	5.50
കുടിവെള്ള പദ്ധതി, പുന്നപ്ര സൗത്ത്	2.9
മൊബൈൽ മാവേലി സ്റ്റോർ, അമ്പലപ്പുഴ	12.00

സമഗ്ര കുടിവെള്ള പദ്ധതി, ആലപ്പുഴ

പദ്ധതി	അടങ്കൽ തുക (ലക്ഷം രൂപ)
കുടിവെള്ള പദ്ധതി, പുറക്കാട്-അമ്പലപ്പുഴ	217.84

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13-പുറക്കാട് മത്സ്യഗ്രാമം

പദ്ധതി	അടങ്കൽ തുക (ലക്ഷം രൂപ)
കുടിവെള്ള പദ്ധതി	128.25
വ്യക്തിഗത ടോയ്‌ലെറ്റ് (200 എണ്ണം)	40.00
വൈദ്യുതീകരണം	40.38

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2013-14-പുന്നപ്ര മത്സ്യഗ്രാമം

പദ്ധതി	അടങ്കൽ തുക (ലക്ഷം രൂപ)
കുടിവെള്ള പദ്ധതി	93.53
വൈദ്യുതീകരണം	18.83
ജീവനോപാധി സഹായം	40.00

LIBRARY ARCHIVES Kerala Legislative Assembly

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനപദ്ധതി 2013-14

പദ്ധതി	അടങ്കൽ തുക (ലക്ഷം രൂപ)
സബ്സെന്റർ, പുറക്കാട്	42.00
അംഗൻവാടി നമ്പർ 72, പുറക്കാട്	18.50
അംഗൻവാടി നമ്പർ 73, പുറക്കാട്	18.50
ഫിഷറീസ് സ്റ്റേഷൻ, തോട്ടപ്പള്ളി	50.00

'ഫ്രഷ് ഫിഷ് ടു ആൾ' പദ്ധതിയിൽ ഉൾപ്പെടുത്തി 50000 രൂപ വിതം വില വരുന്ന ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച 2 ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്യ. (ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.)*

(ബി) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി പുറക്കാട് മത്സ്യഗ്രാമത്തിൽ അംഗൻവാടി നമ്പർ 72, അംഗൻവാടി നമ്പർ 73 എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഓരോന്നിനും 18.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) അമ്പലപ്പുഴക്ക് തിരദേശ വികസന കോർപ്പറേഷന്റെ 5.5 കോടി രൂപയുടെ പദ്ധതികൾ എന്ന വിധത്തിലുള്ള പത്രവാർത്തകൾ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭാവി നടത്തിപ്പും പരിപാലനവും ഉറപ്പു വരുത്തേണ്ടതുള്ളതിനാൽ ഗ്രാമപഞ്ചായത്ത് തലത്തിലാണ് പദ്ധതി രൂപീകരണം സംബന്ധിച്ച തീരുമാനങ്ങൾ സാധാരണ ലഭ്യമാക്കാറുള്ളത്. മണ്ഡലത്തിലെ എം.എൽ.എ.-യെ ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക്

249 (226) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും എൻ. ഒ .സി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ എൻ. ഒ .സി. ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത ബങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly